# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

ജൂൺ 6, 2018

**റിസർവ് ബാങ്ക് മീററ്റ് കന്റോൺമെൻറിലെ 510 ആർമി ബേസ് വർക്ക്ഷോപ്പ് പ്രാഥമികക്രഡിറ്റ് സഹകരണ ബാങ്ക് ലിമിറ്റഡിന് പിഴ ചുമത്തുന്നു.**

ബാങ്കിംഗ് റഗുലേഷൻ ആക്ട് 47 എ (1) (സി), 46 (4) (സഹകരണ ബാങ്കുകൾക്ക് ബാധകമായത്) പ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരമുപയോഗിച്ച് റിസർവ് ബാങ്ക് മീററ്റ് കന്റോൺമെന്റിലെ 510 ആർമി ബേസ് വർക് ഷോപ്പ് വായ്പാ സഹകരണ ബാങ്ക് ലിമിറ്റഡിന് റിസർവ് ബാങ്ക് നിർദ്ദേശങ്ങളും, മാർഗനിർദ്ദേശങ്ങളും ലംഘിച്ചതിന് 5,00,000 രൂപ (രൂപ അഞ്ചു ലക്ഷം മാത്രം) പിഴ ചുമത്തിയിരിക്കുന്നു. യഥാസമയം ശരിയായ നടപ്പാക്കൽ വിവരം നൽകാതിരിക്കുക, ഇന്റർ ബാങ്ക്, ഗ്രൂപ്പ് വായ്പാ പരിധി, ഇടപാടുകാർക്കുള്ള പ്രതിശീർഷപരിധി എന്നിവ സംബന്ധിച്ച പ്രൂഡൻഷ്യൻ നിർദ്ദേശങ്ങൾ ലംഘിക്കുക, ക്രഡിറ്റ് ഇൻഫർമേഷൻ കമ്പിനികളിൽ (സി.ഐ.സി.) അംഗത്വമെടുക്കൽ, നിക്ഷേപ മേഖല, നിക്ഷേപക വിദ്യാഭ്യാസ ബോധവൽക്കരണ ഫണ്ട് എന്നിവ ആഡിറ്റ് ചെയ്യുക എന്നീ കൃത്യവിലോപങ്ങൾക്കാണ് പിഴ ചുമത്തിയത്.

ഇക്കാര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാരണം കാണിക്കൽ നോട്ടീസ് ബാങ്കിനു നൽകിയിരുന്നു. ബാങ്ക് രേഖാമൂലം അതിന് മറുപടി നൽകുകയും നേരിട്ട് സബ്മിഷൻ നൽകുകയും ചെയ്തിരുന്നു. കേസിന്റെ വസ്തുതകളും ബാങ്കിൻറെ മറുപടിയും പരിഗണിച്ചപ്പോൾ നിയമലംഘനം തെളിയിക്കപ്പെ'തായി ബോദ്ധ്യപ്പെ'ട്ടതിനാൽ പെനാൽററി ചുമത്തേണ്ടത് അനിവാര്യമായിരിക്കുന്നു.

**അജിത്പ്രസാദ്**

**അസിസ്റ്റന്റ് അഡ്വൈസർ**

പത്രപ്രസ്താവന: **2017-2018/3186**